AGRICULTURE AND VETERINARY TRAINING FOR DEPRESSED CLASS CANDIDATE

92. മിസ്റ്റർ സി. വി. ഇയ്യു: ഗവൺമെൻറ് ദയവായി മറുപടി പറയുമോ.—

(എ) അധഃകൃതരിൽ സ്കൂൾഫൈനലെങ്കിലും വിജയിയായവരിൽ നിന്നും ചിലരെ ശാസ്ത്രീയമായി കൃഷിശാസ്ത്രാഭ്യസനത്തിനും, ചിലരെ മൃഗവൈദ്യ പരിശീലനത്തിനും മേൽപറഞ്ഞ വിഷയങ്ങൾക്കു ഡിഗ്രിയോ ഡിപ്ലോമയോ കൊടുക്കുന്നതായ വടക്കെ ഇൻഡ്യയിലെ ചില കോളേജുകളിൽ ഗവൺമെൻറിൽ നിന്നും വേതനംകൊടുത്തു പഠിപ്പിക്കുന്നതിനു് ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ;

(ബി) (*i*) പെരുമ്പാൻ ജാതിയിലുൾപ്പെട്ടവരിൽ നിന്നും ഇൻറർമീഡിയറു പാസാകുന്നവരിൽ ചിലരെ എം. ബി. ബി. എസ്സ്. പരീക്ഷക്കും,

(*ii*) വിശ്വകർമ്മാളരിൽ സ്കൂൾഫൈനലും ഇൻറർമീഡിയറും പാസാകുന്നവരെ ചിലരെ കോയമ്പത്തൂർ, മദ്രാസ്സ്, ക്വാശി എന്നീ സ്ഥലങ്ങളിൽ ഉള്ളതായ എഞ്ചിനീയറിംഗ്, വ്യവസായം എന്നീ സാങ്കേതിക വിഷയങ്ങളിൽ അഭ്യസനം നൽകുന്ന സ്ഥാപനങ്ങളിൽ അയച്ചു് അവിടത്തെ ഡിഗ്രി പരീക്ഷകൾക്കും ചേർന്നു പഠിക്കത്തക്കവണ്ണം ഗവൺമെൻറിൽ നിന്നും വേതനം കൊടുക്കാനായി വല്ല പദ്ധതിയും ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) മേൽപറഞ്ഞ ചോദ്യങ്ങൾക്കുള്ള മറുപടി നിഷേധരൂപത്തിലാണെങ്കിൽ, ഗവൺമെൻറാ ബഹുമാനപ്പെട്ട മന്ത്രിയോ മേൽവിഷയങ്ങളെ പുരസ്കരിച്ചു് ഒരു പദ്ധതി തയ്യാറാക്കി അടുത്ത കൊല്ലം മുതൽ നടപ്പിൽ വരുത്തുന്നതിനുദ്ദേശമുണ്ടാകുമോ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) ഇല്ല.

(ബി) (*i*) & (*ii*) ഇല്ല.

(സി) ഇപ്പോഴത്തെ ധനസ്ഥിതികൊണ്ടു് അങ്ങിനെ ചെയ്യുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: അതു് ഗുണകരമാണെങ്കിൽ അങ്ങിനെ ചെയ്തുകൊടുക്കുവാൻ ദയവുണ്ടാകുമോ?

ഡോക്ടർ എ. ആർ. മേനോൻ: ഇങ്ങനെ അയക്കണമെന്നു് തീർച്ചയാക്കിയാൽ വലിയൊരു സംഖ്യയുടെ ചിലവുണ്ടു്. അതുകൊണ്ടു് ഇവിടെ ഇപ്പോൾ ചില കുട്ടികൾക്കു കൊടുത്തുവരുന്ന സ്കോളർഷിപ്പുകൾ നിർത്തേണ്ടിവരുന്നതാണു്. അതു് ഇവിടെ പഠിക്കാനുള്ള കുട്ടികൾക്കു ദോഷമാകുമെങ്കിലും ഞാൻ ഈ കാര്യം കമ്മറിയിൽ വെച്ചാലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly